# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>മെഗാ ഫുഡ് പാർക്ക്</u>

3413 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റ് (സി.എഫ്.ആർ.ഡി)ന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മെഗാ ഫുഡ് പാർക്കി'ന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) എത്ര ഭക്ഷ്യസംസ്കരണ ശാലകൾ പ്രസ്തുത പാർക്കിൽ തുടങ്ങുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്;

(സി) എത്ര തൊഴിൽ അവസരങ്ങൾ പ്രസ്തുത സ്ഥാപനത്തിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(ഡി) പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി എന്തു തുകയാണ് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്; പ്രസ്തുത തുകയിൽ എത്ര രൂപ ഇതുവരെ ചിലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ അളവും വിലയും തമ്മിലുള്ള പൊരുത്തക്കേട്</u>

3414 ശ്രീ. പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണവും, അളവും ഈടാക്കുന്ന വിലയും തമ്മിലുള്ള പൊരുത്തക്കേട് പരിശോധിക്കാനുള്ള സംവിധാനത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുകൾ നൽകുന്ന സേവനങ്ങളുടെയും, ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളുടെയും, ഭക്ഷ്യവിഭവങ്ങളുടെ വിലയുടെയും കാര്യത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങൾ പരിശോധിച്ച്, ഏകീകരണം വരുത്താൻ ഒരു സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന് നിയമാനുസൃതമായ നടപടി

3415 ശ്രീ. റ്റി. വി. രാജേഷ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. സുരേഷ് കുറുപ്പ്
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന് നിയമാനുസൃതമായ അധികാരം ഇപ്പോൾ നിക്ഷിപ്തമായിരിക്കുന്നത് ഏത് വകുപ്പിലാണ്;

(ബി) ആരോഗ്യവകുപ്പിന് കീഴിലുളള ഭക്ഷ്യസുരക്ഷാകമ്മീഷണർ ഇതു സംബന്ധിച്ച് എന്തെങ്കിലും സർക്കുലർ അയച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൊത്ത കച്ചവടകേന്ദ്രങ്ങളിൽ സിവിൽസപ്ലൈസ് വകുപ്പും പോലീസും നടത്തിയ റെയിഡുകളുടെ അടിസ്ഥാനത്തിൽ എടുത്ത കേസുകൾ ഏത് നിയമപ്രകാരമാണ്;

(ഡി) കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവെപ്പുകാർക്കും എതിരെ നിയമാനുസൃതമായി തന്നെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ഇ) ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടതായി ഭക്ഷ്യവകുപ്പിനറിയാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

ബയോമെട്രിക് ഐഡന്റിഫിക്കേഷൻ
അടിസ്ഥാനമാക്കിയുള്ള പൊതുവിതരണ സമ്പ്രദായം

3416 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഈ സംവിധാനം മൂലം ഉപഭോക്താക്കൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**റേഷന്‍ പൊതുവിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടര്‍വത്കരണം**

3417 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ പൊതുവിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടര്‍വത്കരണം ആന്ധ്രപ്രദേശ് സംസ്ഥാനത്ത് നടപ്പിലാക്കിയതുപോലെ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ആയതിലേക്ക് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവില്‍ എത്ര ലക്ഷം റേഷന്‍ കാര്‍ഡുടമകളാണുള്ളത്; പ്രസ്തുത കാര്‍ഡുടമകളുടെ അടിസ്ഥാന വിവരങ്ങള്‍ ശേഖരിച്ച് ഡിജിറ്റലാക്കിയിട്ടുണ്ടോ; റേഷന്‍ കാര്‍ഡുകളുടെ വിതരണം പൂര്‍ണ്ണമായും കമ്പ്യൂട്ടര്‍വത്കരിക്കുവാന്‍ സാധിച്ചുവോ;

(സി) എത്ര ലക്ഷം ടണ്‍ ഭക്ഷ്യധാന്യമാണ് ഒരു മാസം കേരളത്തില്‍ വിതരണം ചെയ്യുന്നത്; വിതരണത്തില്‍ പിഴവ് വരുന്നതായി ശ്രദ്ധയില്‍പ്പെട്ടുവോ;

(ഡി) പൊതുവിതരണ സമ്പ്രദായത്തിലെ പിഴവ് പരിഹരിക്കുവാന്‍ കേന്ദ്രസര്‍ക്കാര്‍ നിര്‍ദ്ദേശിച്ച ഇലക്ട്രോണിക് പൊതുവിതരണ സമ്പ്രദായം (ഇ-പി.ഡി.എസ്) നടപ്പാക്കുവാന്‍ സംസ്ഥാന സര്‍ക്കാര്‍ ഇതേവരെ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) ഇ-പി.ഡി.എസ് പദ്ധതി എന്നു മുതല്‍ നടപ്പിലാക്കാന്‍ സാധിക്കുമെന്നാണ് കരുതുന്നത്;

(എഫ്) പ്രസ്തുത പദ്ധതിക്കായി എത്ര തുക ചിലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതില്‍ എന്ത് തുക കേന്ദ്രസര്‍ക്കാര്‍ നല്‍കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>എഫ്. എം. പി. ഡി. എസ്. സംവിധാനം</u>

3418

ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ ഉപഭോക്താക്കൾക്കായി ഫുഡ് ഗ്രെയിൻസ് മൂവ്മെന്റ് ഫോർ ഇഫക്റ്റീവ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (എഫ്. എം. പി. ഡി. എസ്) നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൻകീഴിൽ ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ സംവിധാനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനു വേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സൈലോകൾ ആരംഭിക്കാൻ നടപടി</u>

3419

ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈലോകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഭക്ഷ്യധാന്യ ശേഖരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം സ്ഥാപിക്കാനുള്ള സ്ഥലം എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്നത്?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ഭക്ഷ്യസുരക്ഷാ പദ്ധതി</u>

3420

ശ്രീ. കെ. കെ. ജയചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, സാജു പോൾ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ എത്ര റേഷൻ കാർഡുടമകളെ ഈ പദ്ധതിയിൽനിന്നും ഒഴിവാക്കാനാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുളളത്;

(സി) ഇത് സംസ്ഥാനത്തെ റേഷൻ സമ്പ്രദായത്തെ ദോഷകരമായി ബാധിക്കും എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രത്തിന് നിവേദനം എന്തെങ്കിലും നൽകയിട്ടുണ്ടോ; നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി</u>

3421 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി വരുന്നു; എന്നു മുതലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി; എന്ത് തുകയുടെ പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പാലക്കാട് ഹോട്ടലുകളിൽ നടത്തിയ റെയ്ഡ്</u>

3422

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സമീപദിവസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാലക്കാട് ജില്ലയിൽ എത്ര റെയ്ഡ് നടത്തി; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

3423 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്;

(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) നെല്ല് സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## നെല്ല് സംഭരണം

3424 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ എത്ര ടൺ നെല്ല് സപ്ലൈകോ വഴി ശേഖരിച്ചുവെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് തുക സഹിതം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ശേഖരിച്ച നെല്ലിന്റെ വില മുഴുവനും കർഷകർക്ക് നൽകിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ഇപ്രകാരം ശേഖരിച്ച നെല്ലിന്റെ വില മുഴുവനും നൽകിയിട്ടുണ്ടോ; നൽകാൻ കഴിയാതെ പോയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## നെല്ല് പ്രോസസ്സിംഗ്

3425 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരളത്തിലെ നെൽകർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് ഏതൊക്കെ മില്ലുകളിലാണ് പ്രോസസ്സ് ചെയ്യുന്നത് ;

(ബി) പ്രോസസ്സിംഗിന് ശേഷം തിരിച്ച് സിവിൽസപ്ലൈസ് കോർപ്പറേഷനിലേയ്ക്ക് വരുന്ന അരി പ്രോസസ്സിംഗിന് ഏൽപ്പിക്കുന്ന നെല്ലിൽ നിന്നുള്ളവയല്ലെന്നും, ഇതിൽ വലിയ തോതിൽ മറിമായം നടക്കുന്നുണ്ടെന്നുള്ള ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രോസസ്സിംഗിന് സ്വകാര്യ മില്ലുകളെ നെല്ല് ഏല്പിക്കുന്നതിന് പകരം സർക്കാർ നേരിട്ട് നെല്ല് പ്രോസസ്സിംഗ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഗ്യാസ് സിലിണ്ടര്‍ ലഭ്യമാക്കുന്നതിലെ കാലതാമസം</u>

3426 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദ്യത്തെ ഗ്യാസ് സിലിണ്ടര്‍ ലഭിച്ച് നിശ്ചിത ദിവസം കഴിഞ്ഞു മാത്രമേ അടുത്ത സിലിണ്ടര്‍ ബുക്കുചെയ്യാവൂ എന്ന് നിബന്ധനയുണ്ടോ;

(ബി) ബുക്ക് ചെയ്ത് നിശ്ചിത ദിവസം കഴിഞ്ഞ് മാത്രമേ ഗ്യാസ് സിലിണ്ടര്‍ ലഭ്യമാക്കാവൂ എന്ന് നിബന്ധനയുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിബന്ധനകള്‍ എല്ലാ ഏജന്‍സികള്‍ക്കും ബാധകമാണോ;

(ഡി) ആലപ്പുഴ ജില്ലയില്‍ പല ഭാഗത്തും ഒരു സിലിണ്ടര്‍ ലഭിച്ചു കഴിഞ്ഞാല്‍ മാസങ്ങളോളം കാത്തിരുന്നാല്‍ മാത്രമേ രണ്ടാമത്തെ സിലിണ്ടര്‍ ലഭിക്കുകയുള്ളൂ എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ഡീസൽ വില നിയന്ത്രണം പിൻവലിക്കുന്ന നടപടി

3427 ശ്രീ. പി. ബി. അബ്ദുൾ റസാക്ക്
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില നിയന്ത്രണം പൂർണ്ണമായും പിൻവലിക്കുമെന്ന കേന്ദ്ര പെട്രോളിയം മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതുമൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന അധിക ബാദ്ധ്യതകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇന്ധനവിലയുടെ ക്രമാതീതമായ വർദ്ധനവും, ലഭ്യത കുറവും ഉയർത്താവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നല്കാമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

ഭക്ഷ്യ ധാന്യങ്ങൾ അതത് മാസം തന്നെ വിതരണം ചെയ്യുന്നതിന് നടപടി

3428 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾ അതത് മാസം തന്നെ വിതരണം ചെയ്യുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ സമയകുറവ്മൂലം വിതരണം ചെയ്യാൻ കഴിയാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് സമയം ദിർഘിപ്പിച്ച് നൽകാറുണ്ടോ;

(സി) എങ്കിൽ 2012 ഏപ്രിലിന് ശേഷം ഏതൊക്കെ മാസങ്ങളിൽ സമയം ദീർഘിപ്പിച്ചുനൽകി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>റേഷൻകാർഡ് ഉടമകൾക്കായി സുതാര്യവൽകൃത പോർട്ടൽ</u>

3429 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹിദ്
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് ഉടമകൾക്കായി സുതാര്യവൽകൃത പോർട്ടൽ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദീകരിക്കാമോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങളിൽപ്പെടുന്നവർക്കു നൽകിയ ഭക്ഷ്യധാന്യങ്ങളുടെ അളവും വിലയും**

3430 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ മുതൽ 2013 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങളിൽപ്പെടുന്നവർക്കു നൽകിയ ഭക്ഷ്യധാന്യങ്ങളുടെ അളവും വിലയും ഓരോ മാസത്തെയും പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുതകാലയളവിൽ കൊച്ചി താലൂക്ക് സപ്ലൈ ഓഫീസ് മുഖാന്തരം നൽകിയ ഭക്ഷ്യധാന്യങ്ങൾ അതതു റേഷൻ കടക്കാർ ഓരോ മാസത്തിലും കൈപ്പറ്റിയ തീയതി പ്രത്യേകം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ</u>

3431 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണകേന്ദ്രങ്ങളിലൂടെ എ. പി. എൽ, ബി. പി. എൽ വിഭാഗങ്ങൾക്കായി എന്തെല്ലാം സാധനങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് ഏതെല്ലാം വിലനിലവാരത്തിലുള്ള എത്ര തരം സാധനങ്ങളാണ് വിതരണം ചെയ്തുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ</u>

3432 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.പി.എൽ, ബി.പി.എൽ വിഭാഗക്കാർക്ക് റേഷൻകടകൾ വഴി എന്തെല്ലാം സാധനങ്ങളാണ് വിതരണം നടത്തിവരുന്നതെന്ന് അറിയിക്കുമോ;

(ബി) റേഷൻകടകൾ വഴി ഇവർക്ക് നൽകുന്ന സാധനങ്ങളുടെ അളവും വിലയും എത്ര വീതമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>ബി. പി. എൽ കാർഡ്</u>

3433 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ. പി. എൽ കാർഡുള്ള ചില വിഭാഗക്കാർക്ക് ബി. പി. എൽ കാർഡ് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇതു ബാധകമാക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇത് വഴി കാർഡുടമകൾക്ക് ലഭിക്കുന്നത്?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിൽ പുതിയ റേഷൻ കാർഡ് ലഭിക്കാനുള്ളവർ</u>

3434 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് എത്ര അപേക്ഷകരുണ്ടെന്ന് താലൂക്കടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) അപേക്ഷ നൽകി എത്ര ദിവസത്തിനുള്ളിൽ റേഷൻ കാർഡ് അനുവദിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളും അവയുടെ വിലനിലവാരവും</u>

3435 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻകടകളാണ് നിലവിലുള്ളത്;

(ബി) ഓരോ ബി.പി.എൽ കാർഡിനും പ്രതിമാസം വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ അളവും വിലയും വെളിപ്പെടുത്തുമോ;

(സി) എ.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ അളവും വിലയും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

റേഷൻ കാർഡ് വിതരണത്തിൽ
നടന്ന ക്രമക്കേട്

3436

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് താലൂക്കിൽ 2009 ലെ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി സിവിൽ സപ്ലൈസ് കമ്മിഷണറേറ്റിലെ പരിശോധനാ വിഭാഗം സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിനെ തുടർന്ന് വിശദമായ അന്വേഷണത്തിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്;

(സി) ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാർഡ് വിതരണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയ രണ്ടായിരത്തിൽ പരം റേഷൻ കാർഡുകൾ യഥാർത്ഥ കാർഡുടമകൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ക്രമക്കേടിന് കൂട്ടുനിന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇത്തരം ക്രമക്കേടുകൾക്ക് ചില ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നത് കാരണമാണ് റേഷൻ ജനസംഖ്യ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയെക്കാൾ കൂടി നിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ഗോഡൗണുകളിൽ നടത്തിയ റെയ്ഡുകൾ

3437 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൊതുവിതരണവകുപ്പിന്റെ അധീനതയിലുള്ള ഗോഡൗണുകളിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര റെയ്ഡുകളും പരിശോധനകളും നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ വിശദമാക്കുമോ;

(സി) ക്രമക്കേടുകൾ കാട്ടിയ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും അവർക്കെതിരെ കൈക്കൊണ്ട നടപടികളും□ വിശദമാക്കുമോ;?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>ഹൈപ്പർമാർക്കറ്റുകൾ</u>

3438 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകളും ആധുനിക ഷോപ്പിംഗ് സൗകര്യത്തോടുകൂടിയ വിതരണ കേന്ദ്രങ്ങളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനങ്ങളുടെ സവിശേഷതകൾ വിശദമാക്കുമോ;

(സി) കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ഇതുവഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

വിപണി ഇടപെടൽ പദ്ധതി

3439 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ കീഴിൽ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം സാധനങ്ങൾ വില കുറഞ്ഞ നിരക്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>എൻഡ് ടു എൻഡ് പ്രോഗ്രാം</u>

3440 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ എൻഡ് ടു എൻഡ് പ്രോഗ്രാം നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ പ്രത്യേക ഫണ്ടോ ഗ്രാന്റോ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഇതിന്റെ വിനിയോഗമെങ്ങിനെയെന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് പുറംകരാർ കൊടുക്കാനുദ്ദേശ്യമുണ്ടോ;

(സി) പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എന്തെങ്കിലും വ്യവസ്ഥകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ എങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മാവേലിസ്റ്റോർ</u>

3441 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ താലൂക്കിലും ഓരോ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സബ് താലൂക്കുകൾ നിലവിലുള്ള സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന, മാവേലി സ്റ്റോറുകൾ അനുവദിക്കുമോ;

(സി) ഇത്തരത്തിൽ എത്ര സബ് താലൂക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അരിവില നിയന്ത്രണം</u>

3442

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിവില നിയന്ത്രിക്കുന്നതിനായി വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ മാവേലി സ്റ്റോറുകൾ വഴി 2012-13 ൽ എത്ര കിലോഗ്രാം വീതം അരി വിതരണം ചെയ്തു എന്നും എത്ര രൂപ നിരക്കിലാണ് അരി വിതരണം നടത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോഴും നിലവിലുണ്ടോ എന്നും ഇതുവഴി പൊതു വിപണിയിലെ അരിവില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിക്ക് ശേഷവും പൊതു വിപണിയിൽ അരിവില വർദ്ധിച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## കോട്ടത്തറ, പൊഴുതന പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ

3443

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കോട്ടത്തറ, പൊഴുതന എന്നീ പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ഫയലുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>മാവേലിസ്റ്റോറുകളിൽ ജീവനക്കാരെ കുറച്ച നടപടി</u>

3444 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ, മാവേലിസ്റ്റോറുകളിൽ ഒരു ഷോപ്പ് മാനേജരും ഒരു ഹെൽപ്പറും ഉണ്ടായിരുന്ന സ്ഥാനത്ത് നിലവിൽ ഒരു ജീവനക്കാരൻ മാത്രമാക്കി കുറച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) സബ്സിഡി കുറച്ചതുകാരണം വിപണനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ;

(സി) സാധനങ്ങളുടെ അഭാവമാണോ അതോ ആവശ്യക്കാർ ഇല്ലാത്തതാണോ പ്രസ്തുത അവസ്ഥക്ക് കാരണമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജീവനക്കാരുടെ സ്ഥലംമാറ്റം</u>

3445 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ തിരുവനന്തപുരം മേഖലയിൽ നിന്നും അസിസ്റ്റന്റുമാരെ കൂട്ടത്തോടെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ ഇത്തരം ഒരു തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) 2009-2012 കാലങ്ങളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച സർക്കുലറുകളിൽ തിരുവനന്തപുരം മേഖലയിൽ അസിസ്റ്റന്റുമാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അഴിമതിക്ക് ഇടയാക്കുന്ന ഇത്തരം നടപടികളിൽ നിന്ന് പിൻമാറാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>ഡെപ്യൂട്ടി റേഷനിങ്ങ് കൺട്രോളർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം</u>

3446

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ ഡെപ്യൂട്ടി റേഷനിങ്ങ് കൺട്രോളർ തസ്തികയിലേക്കുള്ള പ്രൊമോഷന് സെലക്ട് ലിസ്റ്റ് നിലനിൽക്കേ സ്ഥാനക്കയറ്റത്തിന് ഡി. പി. സി. കൂടാതെ ജൂനിയറായ ഉദ്യോഗസ്ഥരെ 2013 ൽ പ്രൊമോട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ സെലക്ട് ലിസ്റ്റ് നിലനിൽക്കെ സീനിയറായിട്ടുള്ള ഉദ്യോഗസ്ഥരെ മറികടന്ന് ജൂനിയർ ആയ ഉദ്യോഗസ്ഥർക്ക് സ്ഥായക്കയറ്റം നൽകാനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഉപഭോക്തൃ ഡയറക്ടറേറ്റ്</u>

3447 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുക വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഉപഭോക്താക്കൾക്ക് നഷ്ടപരിഹാരം</u>

3448

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൃഹോപകരണങ്ങളും ഇരുചക്രവാഹനങ്ങളും അടക്കമുള്ള സാധനങ്ങൾ കേടായാൽ അവയുടെ സ്പെയർപാർട്ടുകൾ പലപ്പോഴും വിപണിയിൽ ലഭിക്കുന്നില്ലെന്നും അതുമൂലം വൻവില നൽകി വാങ്ങുന്ന ഇത്തരം സാധനങ്ങൾ പലപ്പോഴും ഉപയോഗശൂന്യമായി പോകുകയും ഉപഭോക്താക്കൾ വൻനഷ്ടം സഹിക്കേണ്ടിവരുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കമ്പനികളിൽ നിന്നും ഉപഭോക്താക്കൾക്ക് നഷ്ടപരിഹാരം നേടി കൊടുക്കുന്നതിനും ഗുണനിലവാരം ഇല്ലാത്ത ഇത്തരം സാധനങ്ങളെയും അവയുടെ ഉല്പാദകരെയും സംസ്ഥാനത്തെ വിപണിയിൽ നിന്നും പുറത്താക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## <u>ഉപഭോക്തൃ കോടതികൾ</u>

3449 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ കോടതികളിൽ അംഗങ്ങളുടെ ഒഴിവുകൾ ആകെ എത്രയെണ്ണം നികത്താനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഉപഭോക്തൃ കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങൾ</u>

3450 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് എന്തെല്ലാം അടിസ്ഥാനസൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

## കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

3451 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

## ഭൂമിയുടെ വില നിർണ്ണയം

3452 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമിയുടെ വില നിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെല്ലാം അധികാരങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായ നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ</u>

3453 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിൽ വന്നിട്ടുള്ള അപാകം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) വഴി സൗകര്യമില്ലാത്ത സ്ഥലത്തിനു പോലും ഉയർന്ന ന്യായവില നിശ്ചയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ തിരുത്തുന്നത് സങ്കീർണ്ണമായ നടപടിക്രമമായതിനാൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഇ-പേയ്മെന്റ് സംവിധാനം</u>

3454 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ഭൂമി രജിസ്ട്രേഷന് ഓൺലൈൻ സമ്പ്രദായം</u>

3455 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഭൂമി രജിസ്ട്രേഷന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പാലക്കാട് ജില്ലയിൽ എന്ന് നടപ്പിലാക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

രജിസ്ട്രേഷൻ ഫീസ്

3456 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൾക്ക് ഭൂമി വാങ്ങുന്നതിനും ആയത് അതിന്റെ അംഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി എഴുതി നൽകുന്നതിനും 2% രജിസ്ട്രേഷൻഫീസ് മാത്രം നൽകിയാൽ മതിയെന്നുള്ള നിയമം നിലവിലുണ്ടോ;

(ബി) എങ്കിൽ ആയത് ഏതെല്ലാം നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെയും രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ഡി) എംപ്ലോയീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൾക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഏതെങ്കിലും പ്രത്യേക ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ഭൂമി രജിസ്ട്രേഷന് 2% മതിയെന്ന ആനുകൂല്യം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ സമാന ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും പ്രസ്തുത ആനുകൂല്യം നൽകുമോ?